"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ പുനർനിയമന വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ള ശ്രീമതി. ബിന്ദു.വി.സി യുടെ രാജി അംഗീകരിച്ച് - 20.05.2026 അപരാഹ്നം പ്രാബല്യത്തിൽ വിടുതൽ ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.181/2026/WCDD തീയതി,തിരുവനന്തപുരം, 11-05-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.421/2024/ഡബ്ല്യുസിഡിഡി തീയതി.06.11.2024.
2. സ.ഉ.(കൈ) നം.10/2025/ഡബ്ല്യൂസിഡിഡി തീയതി. 31.05.2025.
3. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 05.05.2026 ലെ കത്ത്, 08.05.2026 ലെ KSWDC/MD/2026 നം. കത്ത്.

**<u>ഉത്തരവ്</u>**

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (KMML )-ൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ വനിതാ വികസന കോർപ്പറേഷൻ (KSWDC) മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി. ബിന്ദു.വി.സി യുടെ അന്യത സേവന കാലാവധി ടിയാളുടെ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിച്ചു നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സർവീസിൽ നിന്നും വിരമിച്ച ശ്രീമതി.ബിന്ദു.വിസി യെ വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി 01.06.2025 മുതൽ ഒരു വർഷത്തേയ്ക്കോ സ്ഥിരമായി മറ്റൊരു മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ പുനർനിയമന വ്യവസ്ഥയിൽ നിയമിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2) വനിത വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിന്നും താൻ രാജി വെയ്ക്കുന്നു എന്നും ആയത് അംഗീകരിച്ചു 15.05.2026 തീയതിയിൽ അപരാഹ്നം പ്രാബല്യത്തിൽ അല്ലെങ്കിൽ 20.05.2026 തീയതിയോട് കൂടിയെങ്കിലും തന്നെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിന്നും വിടുതൽ ചെയ്യണമെന്ന് പരാമർശം (3) പ്രകാരം ശ്രീമതി. ബിന്ദു.വി.സി. അഭ്യർത്ഥിച്ചിരിക്കുന്നു. ശ്രീമതി ബിന്ദു വി.സി. യുടെ രാജി അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീ ഫൈസൽ മുനീറിനെ (Regional Manager (Kozhikode Region), KSWDC) മാനേജിംഗ് ഡയറക്ടർ തസ്തികയുടെ ചാർജ് എടുക്കുന്നതിന് നോമിനേറ്റ് ചെയ്യുന്നതായും ശ്രീമതി ബിന്ദു വി.സി. അറിയിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർനിയമന വ്യവസ്ഥയിൽ 01.06.2025 മുതൽ വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി നിയമിച്ച ശ്രീമതി ബിന്ദു.വി.സി യുടെ അപേക്ഷ പരിഗണിച്ച് ടിയാളുടെ രാജി അംഗീകരിച്ച് ടിയാനെ 20.05.2026 തീയതിയിൽ അപരാഹ്നം പ്രാബല്യത്തിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

4) അതോടൊപ്പം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധികച്ചുമതല കോഴിക്കോട് റീജിയണൽ മാനേജർ ശ്രീ. ഫൈസൽ മുനീർ കെ.-യ്ക്ക് താൽക്കാലികമായി കൈമാറുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.

ശ്രീ. ഫൈസൽ മുനീർ കെ., കോഴിക്കോട് റീജിയണൽ മാനേജർ (വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sithara Vijayan**
**Date: 11-05-2026 16:40:55**
സെക്ഷൻ ഓഫീസർ